# സഞ്ചരിക്കുന്ന പച്ചക്കറിത്തോട്ടങ്ങൾ

**കൃ**ഷി ചെയ്യാൻ താത്പര്യമുണ്ടെങ്കിലും കൃഷി ചെയ്യാൻ മാത്രം സ്ഥലം സ്വന്തമായില്ലാത്ത നഗരവാസികളുടെ കണ്ടുപിടുത്തമാണ് ചാക്കുകൃഷി. ചണം കൊണ്ടോ പ്ലാസ്റ്റിക് നാരുകൊണ്ടോ ഉള്ള ചാക്കുകളിൽ അര ചാക്കോളം മണ്ണും ആവശ്യത്തിന് ജൈവവളവും (ചാണകപ്പൊടി, കമ്പോസ്റ്റ്) ചേർത്ത മിശ്രിതം നിറച്ചാണ് പച്ചക്കറി നടാനുള്ള മണ്ണ് ഒരുക്കുന്നത്.

ടെറസിലും വീടിനു ചുറ്റുമുള്ള ഏതു സ്ഥലത്തും ചാക്കുകൃഷി നടത്താം. വേണമെങ്കിൽ ചാക്കുകൾ മാറ്റി വയ്ക്കാമെന്ന സൗകര്യവുമുണ്ട് ഈ കൃഷിക്ക്. വീടു മാറുമ്പോൾ പച്ചക്കറിത്തോട്ടം മൊത്തത്തിൽ കൂടെ കൊണ്ടുപോകാനും കഴിയും.

പച്ചമുളക്, വെണ്ട, വഴുതന, പയർ, ചീര, തക്കാളി, പാവൽ, പടവലം എന്നിവ വളരെ നല്ല രീതിയിൽ ചാക്കുകൃഷിയിലൂടെ വളർത്തിയെടുക്കാം. വേരുകൾക്ക് പെട്ടെന്ന് വളർന്നിറങ്ങാൻ പാകത്തിന് വായുസഞ്ചാരവും മുറുക്കമില്ലാത്ത മണ്ണും കിട്ടുന്നു എന്നതാണ് ചാക്കുകൃഷിയുടെ പ്രധാന നേട്ടം. നനയും കുറച്ചേ വേണ്ടൂ. ഒരു ചെടിക്കു നല്കിയ വളവും വെള്ളവും മറ്റു ചെടികളോ കളകളോ വലിച്ചെടുക്കുന്ന പ്രശ്നവുമില്ല.



ചാക്കുകൾ എപ്പോൾ വേണമെങ്കിലും എടുത്തുമാറ്റാമെന്നതുകൊണ്ട് വെയിൽ, തണൽ, മഴ എന്നിവയ്ക്കനുസരിച്ച് ചാക്കുകൾ മാറ്റിവയ്ക്കാനും ചാക്കുകൾ തമ്മിലുള്ള അകലങ്ങൾ ക്രമീകരിക്കാനും തീരെ ബുദ്ധിമുട്ടില്ല. കീടനാശിനികളും കെണികളും മറ്റും മണ്ണിൽ നേരിട്ടു പ്രയോഗിക്കാതെ ചാക്കുകൾക്കിടയിൽ പ്രയോഗിച്ച് ഫലം കണ്ടെത്താനുമാകും.

കായ്ച്ചു തുടങ്ങിയ ചെടികൾ വീട്ടുകാർക്ക് പരസ്പരം കൈമാറ്റം നടത്താമെന്നതാണ് ചാക്കുകൃഷിയുടെ മറ്റൊരു ഗുണം. ചാക്കുകൃഷി വ്യാപകമായിക്കഴിഞ്ഞാൽ നമ്മുടെ വീട്ടിൽനിന്നും മുളകുണ്ടാകുന്ന രണ്ടു ചെടിച്ചാക്കുകൾ അയൽ വീട്ടിലേക്കു കൊടുത്ത് അവിടെനിന്നും നമ്മുടെ വീട്ടിലില്ലാത്ത ഏതെങ്കിലും രണ്ടു പച്ചക്കറികളുടെ ചാക്കുകൾ വാങ്ങാം. കൈമാറ്റം മാത്രമല്ല കച്ചവടവുമാകാം. കായ്ഫലമായി തുടങ്ങിയ പച്ചക്കറിച്ചെടികൾ കൈയോടെ വാങ്ങിക്കൊണ്ടുപോയി സ്വന്തം അടുക്കളമുറ്റത്തു വയ്ക്കാൻ ആർക്കാണ് മോഹമുണ്ടാകാതിരിക്കുക?

അങ്ങിനെ, സഞ്ചരിക്കുന്ന പച്ചക്കറിത്തോട്ടങ്ങളുടെ ഉദയമാണ് ചാക്കുകൃഷിയിലൂടെ സംഭവിച്ചിരിക്കുന്നത്. വളപ്പിൽ കൃഷി ചെയ്യുന്നവർക്കുതന്നെ ഒരു വ്യത്യസ്തതയ്ക്കു വേണ്ടിയോ ഹോബി എന്ന നിലയിലോ ഒക്കെ ചാക്കുകൃഷി ആരംഭിക്കാവുന്നതും വിജയകരമായി കൊണ്ടുനടക്കാവുന്നതുമാണ്. ഇളം തലമുറയിൽ കൃഷി താത്പര്യം വളർത്താൻ അവരെക്കൊണ്ട് ചാക്കുകൃഷി ചെയ്യിക്കുന്നതും നല്ലതാണ്.